## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2935** — 22.06.2012-ലെ മറുപടിക്ക്

## നഗരസഭകളുടെ സാമ്പത്തിക നില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.സി. മോയിൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകളുടെ സാമ്പത്തിക നിലയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ സംസ്ഥാനത്തെ ഭൂരി പക്ഷം നഗരസഭകളും വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) സംസ്ഥാനത്തെ ചില നഗരസഭകൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) സർവ്വീസിൽ നിന്ന് വിരമിക്കുന്ന നഗരസഭാ ജീവനക്കാർക്ക് യഥാസമയം പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ സാമ്പത്തിക പരിമിതി മൂലം പല നഗരസഭകൾക്കും കഴിയുന്നില്ല എന്ന കാര്യം | സി) ഉണ്ട്. വിരമിക്കുന്ന ജീവനക്കാർക്ക് നഗരസഭകൾ അടയ്ക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ കൊണ്ടു മാത്രം പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ നഗരസഭകൾക്ക് പലപ്പോഴും കഴിയുന്നില്ല.<br>തനത് വരുമാനം യഥാസമയം |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; | | പിരിച്ചെടുക്കാത്തതും, സാമ്പത്തിക നിലയ്ക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യാത്തതും, വർദ്ധിച്ച എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും, കുടിശ്ശികയടവും സാമ്പത്തിക പ്രതിസന്ധിയ്ക്ക് പ്രധാനകാരണങ്ങളാണ്. |
| ഡി) | നഗരസഭകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് റവന്യൂ കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിയ്ക്കുന്നതിനായി പുതുതായി രൂപീകരിച്ച 7 നഗരസഭകൾക്ക് $1^1/_2$ കോടി രൂപ വീതം നൽകിയിരുന്നു. കൂടാതെ ഓരോ നഗരസഭയ്ക്കും ഉപാധി രഹിത ഫണ്ടായി 50 ലക്ഷം രൂപ വീതം കഴിഞ്ഞ വർഷം നൽകി. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ